# 16. ജവാഹർലാൽ നെഹ്റു ശതാബ്ദി

1889 നവംബർ 14–ാം തീയതിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ശില്പികളിൽ അഗ്രഗണ്യനായ പണ്ഡിത് ജവാഹർലാൽ നെഹ്റു പിറന്നത്. 1988 നവംബർ 14 മുതൽ 1989 നവംബർ 14 വരെയുള്ള ഒരു വർഷക്കാലം നെഹ്റുശതാബ്ദി ആയി ആഘോഷിക്കുവാൻ ഉന്നതതലത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഈ ആഘോഷം യഥോചിതം നടത്തുന്നതിന് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കമ്മററികൾ സംഘടിപ്പിച്ചിട്ടുമുണ്ട്. കേരളത്തിൽ ഇതിനായി രൂപവൽക്കരിച്ച കമ്മററിയുടെ ചെയർമാൻ ഗവർണറും വൈസ്ചെയർമാൻ മുഖ്യമന്ത്രിയുമാകുന്നു. 1987 ജൂലൈ 30–ാം തീയതി ഈ കമ്മററിയുടെ പ്രഥമ യോഗം തിരുവനന്തപുരത്തു ചേരുകയുണ്ടായി.

നെഹ്റു ശതാബ്ദി ആഘോഷങ്ങളുടെ വിശദരൂപം ഇനിയും നിർധാരണം ചെയ്യപ്പെട്ടിട്ടില്ല. ഇത്തരം സന്ദർഭങ്ങളിൽ നാം ചെയ്യാറുള്ളതുപോലെ, നിലവിലുള്ള റോഡുകൾ, മൈതാനങ്ങൾ, സ്ഥാപനങ്ങൾ മുതലായവയ്ക്കു് പരേതന്റെ പേരു നൽകുക, പരേതന്റെ ചിത്രങ്ങളും പ്രതിമകളും അനാവരണംചെയ്യുക, പരേതന്റെ അപദാനങ്ങൾ വാഴ്ത്തുക മുതലായ പതിവു ചടങ്ങുകളിൽ അവസാനിക്കുകയാണെങ്കിൽ നെഹ്റു ശതാബ്ദി ആഘോഷംകൊണ്ട് സ്ഥിരമായ എന്തെങ്കിലും പ്രയോജനം രാഷ്ട്രത്തിനു കൈവരികയില്ല.

1964–ൽ ജവാഹർലാൽ നെഹ്റു അന്തരിച്ചു. നെഹ്റുവിന്റെ ചരമത്തിനുശേഷം പിറന്ന തലമുറയ്ക്കു പ്രായപൂർത്തി കൈവന്നിരിക്കുന്നു. ഇന്ത്യയിൽ ഇന്നുള്ള എൺപതു കോടി ജനങ്ങളിൽ പകുതിയോളമെങ്കിലും നെഹ്റുവിനെ നേരിട്ടു കാണുവാനോ, ആവേശകരമായ അദ്ദേഹത്തിന്റെ ശബ്ദം കേൾക്കുവാനോ, ആഹ്ലാദദായകമായിരുന്ന അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാനോ കഴിവു കൈവന്നിട്ടില്ലാത്തവരാണ്. നെഹ്റുവിനെപ്പററി അവ്യക്തമായ കേട്ടറിവു മാത്രമുള്ള ഈ ഭാരതീയ യുവജനങ്ങളുടെ മുമ്പിൽ ഒരു സജീവചൈതന്യമായി, ഊർജസ്രോതസ്സായി, മാധുര്യവും പ്രകാശവുമായി അദ്ദേഹത്തെ അവതരിപ്പിക്കുകയായിരിക്കണം ശതാബ്ദി ആഘോഷങ്ങളുടെ ലക്ഷ്യം. ഇതിനു പര്യാപ്തമായ വിധത്തിലാവണം ആഘോഷച്ചടങ്ങുകളുടെ സംവിധാനം.

രാഷ്ട്രീയരംഗത്തു് തന്റെ പരമാചാര്യനായിരുന്ന മഹാത്മാ ഗാന്ധിയോടു പല അംശങ്ങളിലും പ്രകടമായ വ്യത്യാസം പുലർത്തിയപ്പോഴും ആന്തരമായ സാമ്യം ജവാഹർലാൽ നെഹ്റുവിനു് ഉണ്ടായിരുന്നു. തങ്ങളോടും തങ്ങളുടെ രാഷ്ട്രത്തോടും സമകാലലോകത്തോടും ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളെപ്പററിയും, സാർവകാലിക മാനവ പ്രശ്നങ്ങളെക്കുറിച്ചുകൂടി, മൗലികമായും അവഗാഢമായും സമഗ്രമായും രണ്ടുപേരും ചിന്തിച്ചു. വ്യക്തവും ശക്തവുമായ ഭാഷയിൽ തങ്ങളുടെ ചിന്തകളെ രണ്ടുപേരും സ്വന്തം നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. ഉള്ളടക്കത്തിന്റെ ഗൗരവത്താലെന്നപോലെ ആവിഷ്കരണസൗന്ദര്യത്താലും ക്ലാസ്സിക്കുകളുടെ പദവിയിലേക്കു് ഉയർന്നവയാണ് രണ്ടുപേരുടെയും ഗ്രന്ഥങ്ങൾ. തികച്ചും വ്യത്യസ്തങ്ങളായ, വിരുദ്ധങ്ങളെ

ന്നതെന്ന പറയാവുന്ന, വീക്ഷണങ്ങളാണു മിക്ക പ്രശ്നങ്ങളെ സംബന്ധിച്ചും ഗാന്ധിജിയും നെഹ്റുവും പുലർത്തിപ്പോന്നതു്. ഒരേ വസ്തുതകളെപ്പററി തങ്ങൾ എത്തിച്ചേരുന്ന വിരുദ്ധങ്ങളായ നിഗമനങ്ങൾ അന്യോന്യം മറച്ചുവെക്കാൻ രണ്ടുപേരും യത്നിച്ചില്ല. മറിച്ചു്, തന്റെ വിശ്വാസപ്രമാണങ്ങളുടെ മാററുരച്ചുനോക്കി, അവയിലെ തെററും ശരിയും കണ്ടെത്തുന്നതിനു്, അപരന്റെ ചിന്താഗതികളെ ഇവർ രണ്ടുപേരും പരമാവധി പ്രയോജനപ്പെടുത്തി. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ആശയങ്ങളും ആദർശങ്ങളും തമ്മിൽ നിരന്തരം നടന്നുവന്ന സംഘർഷമാണു് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അവസാനദശകങ്ങൾക്കു് ഊർജവും ദീപ്തിയും നൽകിയതു്. നമ്മുടെ രാഷ്ട്രീയവിമോചനത്തെ, അതിലേർപ്പെട്ട ജനകോടികളുടെ ആദ്ധ്യാത്മികവിമോചനവും, ആ രാഷ്ട്രീയവിമോചനവുമായി പ്രകടമായ ബന്ധമില്ലാതിരുന്ന മറുനാടുകളിലെ ദരിദ്രജനതകളുടെ ആശാകേന്ദ്രവുമാക്കിത്തീർത്തതും ഈ സംഘർഷം തന്നെയായിരുന്നു.

വീക്ഷണങ്ങളിൽ അടിസ്ഥാനപരമായ വൈരുദ്ധ്യം ഉണ്ടായിരുന്നപ്പോഴും, പ്രവർത്തനത്തിന്റെ കാര്യത്തിൽ അങ്ങേയററത്തെ ഐക്യം ഗാന്ധിജിയും നെഹ്റുവും പുലർത്തി. തന്റെ ജീവിതത്തിലെ പതിനഞ്ചിലേറെ വർഷങ്ങൾ വിദേശഗവണ്മെൻറിന്റെ ജയിലുകളിൽ കഴിച്ചുകൂട്ടിയ ജവാഹർലാൽ നെഹ്റു സ്വജീവിതത്തിൽ കർശനമായ അച്ചടക്കം വളർത്തിക്കൊണ്ടുവന്നിരുന്നു. അതിനാൽ, നേതാവായി താനും രാഷ്ട്രവും അംഗീകരിച്ച ഗാന്ധിജിയുടെ കാല്പാടുകൾ, പ്രവർത്തനമേഖലയിൽ, അവസാനനിമിഷംവരെ ജവാഹർലാൽ നെഹ്റു പരമമായ ആത്മാർത്ഥതയോടെ പിന്തുടർന്നു. രാഷ്ട്രീയപ്രവർത്തനത്തിലെന്നപോലെ, വ്യക്തിജീവിതത്തിന്റെ സൂക്ഷ്മമേഖലകളിലും ഗാന്ധിജിയുടെ ആദർശങ്ങൾ ജവാഹർലാലിൽ സ്വാധീനം ചെലുത്തുകയുണ്ടായി.

സ്വതന്ത്ര ഭാരതത്തിനു് ജവാഹർലാൽനെഹ്റു നൽകിയ സംഭാവനകൾ താരതമ്യേന സുവിദിതങ്ങളാണു്. ഉദാരമായ യൂറോപ്യൻ ജനാധിപത്യത്തിന്റെ ആരാധകനായിരുന്ന അദ്ദേഹം ഇന്ത്യയിൽ പാർലമെൻററി ഭരണസമ്പ്രദായത്തിനു ദൃഢമായ അടിത്തറ നിർമിക്കുകയും, മതനിരപേക്ഷതയിൽ ഉറച്ചുനില്ക്കുകയുംചെയ്തു. സാമ്പത്തിക രംഗത്തു വ്യവസായവല്ക്കരണത്തിന്റെ അപരിമിതങ്ങളായ സാദ്ധ്യതകളിൽ നെഹ്റുവിനു് അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അതോടൊപ്പം, അദ്ധ്വാനത്തിന്റെ ഫലം അദ്ധ്വാനിക്കുന്നവർക്കു ലഭിക്കണമെന്ന സോഷ്യലിസത്തിന്റെ അടിസ്ഥാനതത്ത്വത്തിലും അദ്ദേഹം വിശ്വസിച്ചു. രാഷ്ട്രത്തിന്റെ ഉടമയിൽ, ആസൂത്രിതമായ വ്യവസായവൽക്കരണത്തിലൂടെ സാമ്പത്തിക പുരോഗതി നേടുന്നതിനു് നെഹ്റു ആവിഷ്കരിച്ച പരിപാടി ഇന്നും ഇന്ത്യ തുടർന്നുവരികയാണു്.

കമ്യൂണിസവും സാമ്രാജ്യവാദവും തമ്മിലുള്ള ആഗോള സംഘർഷത്തിൽ, അണു–ആയുധങ്ങളുടെ പ്രളയാഗ്നിയിൽ മനുഷ്യസംസ്കാരം വെന്തുനശിക്കാതിരിക്കുന്നതിനായി, വ്യത്യസ്ത വ്യവസ്ഥിതികളുടെ സമാധാനപരമായ സഹവർത്തിത്വത്തിൽ വിശ്വസിക്കുന്ന നവസ്വതന്ത്ര രാഷ്ട്രങ്ങളുടെ ഒരു മൂന്നാംചേരി ശക്തിപ്പെടുത്തിയതാണു് അന്താരാഷ്ട്രീയ രംഗത്തു് നെഹ്റുവിന്റെ വലിയ ഒരു സംഭാവന. ഇതും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

ആധുനിക–ജനാധിപത്യ–വ്യവസായ–സംസ്കാരത്തിൽ വിശ്വസിച്ചിരുന്നപ്പോൾത്തന്നെ സഹസ്രാബ്ദങ്ങളിലൂടെ ഇന്ത്യയിലെ ജനകോടികൾ വളർത്തിയെടുത്ത ആദ്ധ്യാത്മിക–മൂല്യാധിഷ്ഠിത–സംസ്കാരത്തിലും അഗാധമായ ആസ്ഥ അദ്ദേഹം പുലർത്തി. 'ഇന്ത്യയെ കണ്ടെ

ത്തൽ' എന്ന വിശിഷ്ട കൃതിയിലൂടെ തന്റെ ചിന്തയിലെ അതിപ്രധാനമായ ഈ വശം നെഹ്റു ആവിഷ്കരിക്കുകയുംചെയ്തു.

നെഹ്റുവിന്റെ ചിന്താധാരകളെ, അവയുടെ സമഗ്രതയിൽ, ഇന്ത്യയിലെ വളരുന്ന തലമുറയുടെ മുമ്പിൽ അവതരിപ്പിക്കുകയായിരിക്കണം നെഹ്റു ശതാബ്ദി ആഘോഷത്തിലെ ഒരു മുഖ്യ പരിപാടി. വിശാലമായ നെഹ്റു സാഹിത്യത്തിൽനിന്ന്, അദ്ദേഹത്തിന്റെ പ്രമുഖ ചിന്തകൾ തിരഞ്ഞെടുത്ത് ഒരു പാഠപുസ്തകമായി പ്രസിദ്ധീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ സ്കൂളുകളിലും കോളേജുകളിലും, ഇവയ്ക്കു പുറമെ ബഹുജന സംഘടനകളിലും, വ്യാപകമായ ചർച്ചകൾ സംഘടിപ്പിക്കുകയുംചെയ്യുന്നത് ഇതിന് ഉപകരിക്കും.

സ്വന്തം രാജ്യത്തിലെ താൽക്കാലിക പ്രശ്നങ്ങളെപ്പററിയെന്നപോലെ, മനുഷ്യവർഗത്തിന്റെ ശാശ്വതികപ്രശ്നങ്ങളെപ്പററിയും വിപ്ലവകരമായി ചിന്തിച്ചിരുന്നവരാണ് ഗാന്ധിജിയും നെഹ്റുവും എന്നു പ്രസ്താവിച്ചുവല്ലോ. യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളിലൂടെ അപരിമിതമായ സാമ്പത്തികാഭിവൃദ്ധി കൈവരിക്കാനുള്ള സാദ്ധ്യത, സയൻസും സാങ്കേതിക വിദ്യയും മനുഷ്യവർഗത്തിനു മുമ്പിൽ തുറന്നിട്ടിരിക്കുകയാണെന്നും, വ്യാവസായികോല്പന്നങ്ങൾ നീതിപൂർവം ആവശ്യക്കാർക്കു വിതരണംചെയ്യുന്നതിന് കാറൾ മാർക്സ് നിർദേശിച്ച രാഷ്ട്രീയ സംവിധാനം നിലവിൽ വരുത്തുകകൂടി ചെയ്യുന്നപക്ഷം മനുഷ്യവർഗത്തിന്റെ ദാരിദ്ര്യമെന്ന ദുരന്തം എന്നന്നേക്കുമായി പരിഹരിക്കപ്പെടുമെന്നുള്ള ധാരണയായിരുന്നു ജവാഹർലാൽ നെഹ്റുവിന് ഉണ്ടായിരുന്നത്. എന്നാൽ, വ്യാവസായികാഭിവൃദ്ധിക്കു വ്യക്തങ്ങളായ അതിർത്തികളുണ്ടെന്നും, പ്രകൃതി വിഭവങ്ങളെ പരിമിതമായി മാത്രമേ മനുഷ്യൻ ഉപയോഗപ്പെടുത്താവൂ എന്നുമായിരുന്നു ഗാന്ധിജിയുടെ വിശ്വാസം. പ്രകൃതിവിഭവങ്ങൾ അനന്തങ്ങളല്ല; എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾ നിറവേററാനല്ലാതെ ഒരൊററ മനുഷ്യന്റെപോലും ദുരയെ തൃപ്തിപ്പെടുത്താൻ പ്രകൃതിക്കു കഴിവില്ല. 1948 ജനുവരി 30-ാം തീയതി ഗാന്ധിജി അന്തരിക്കുമ്പോൾ, പരിസ്ഥിതിദൂഷണത്തെപ്പററിയോ, പ്രകൃതിവിഭവങ്ങളുടെ പരിമിതിയെപ്പററിയോ ആരും ഗൗരവമായി ചിന്തിച്ചുതുടങ്ങിയിരുന്നില്ല. എന്നിട്ടും, അതിനും മൂന്നോ നാലോ പതിററാണ്ടുകൾ മുമ്പുതന്നെ, ഗാന്ധിജിയുടെ അന്തർദൃഷ്ടി ഈ പ്രശ്നം കണ്ടറിയുകയും അതിനു ശാശ്വതമായ പരിഹാരം കൈത്തൊഴിലുകളിലും ഗ്രാമജീവിതത്തിലും കണ്ടെത്തുകയുംചെയ്തു എന്നതു് അത്ഭുതാവഹമായിരിക്കുന്നു.

ഈ അടിസ്ഥാനപ്രശ്നം സംബന്ധിച്ച് ഗാന്ധിജിയും നെഹ്റുവും തമ്മിൽ നടന്ന തുറന്ന ചർച്ച ഇന്ന് ഏറെ പ്രസക്തമാണ്; ഇനി വളരെക്കാലം കഴിഞ്ഞാലും അതിനു പ്രസക്തിയുണ്ടായിരിക്കുകയുംചെയ്യും.

1945 ഒക്ടോബറിൽ, ഇന്ത്യയുടെ സ്വാതന്ത്ര്യം ആസന്നമാണെന്ന ബോധം പരക്കെ നിലവിലിരിക്കെ, ഗാന്ധിജി ജവാഹർലാൽ നെഹ്റുവിന് എഴുതി:

'നമ്മൾക്കിടയിലുള്ള വീക്ഷണഭേദങ്ങളെപ്പററി എഴുതാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വ്യത്യാസം അടിസ്ഥാനപരമാണെങ്കിൽ, അതു പൊതുജനങ്ങളെ അറിയിക്കണം. അതു മൂടിവെക്കുന്നതു സ്വരാജിനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനത്തിന് ഹാനികരമായിരിക്കും.'

സ്വാതന്ത്ര്യം നേടിയതിനുശേഷം, കോൺഗ്രസ്സിന്റെ സാമൂഹ്യ-സാമ്പത്തിക ലക്ഷ്യങ്ങൾ എന്തായിരിക്കണമെന്നതു സംബന്ധിച്ച വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ആണ് അന്ന് കോൺഗ്രസ് പ്രവർത്തക

സമിതിയംഗങ്ങൾ പുലർത്തിവന്നതു്. ഇതിനെ സൂചിപ്പിച്ചുകൊണ്ടു് ഗാന്ധിജി തുടർന്നു:

'പ്രവർത്തകസമിതി ഇക്കാര്യം ചർച്ചചെയ്താലും ഇല്ലെങ്കിലും. ഈ വിഷയത്തിൽ നമ്മുടെ നിലപാടു് എന്തെന്നു് നാം രണ്ടുപേരും വ്യക്തമായി മനസ്സിലാക്കണം. നാം തമ്മിലുള്ളതു് കേവലം രാഷ്ട്രീയമായ ബന്ധമല്ല, അളക്കാനാവാത്തവിധം അഗാധവും അവിച്ഛേദ്യവുമാണു് ആ ബന്ധം. രാഷ്ട്രീയമണ്ഡലത്തിലും, നമുക്കിടയിൽ സ്പഷ്ടമായ ധാരണയുണ്ടാവണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. നാം രണ്ടുപേരും ജീവിക്കുന്നതു് ഇന്ത്യയുടെ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിനുവേണ്ടിയാണു്; ആവശ്യമെങ്കിൽ ആ ലക്ഷ്യത്തിനുവേണ്ടി നമ്മൾ രണ്ടുപേരും സന്തോഷത്തോടെ മരിക്കുകയുംചെയ്യും. ലഭിക്കുന്നതു സ്തുതിയോ, നിന്ദയോ എന്നതു നമുക്കു രണ്ടുപേർക്കും കാര്യമല്ല. ഞാൻ ഇപ്പോൾ വൃദ്ധനായിരിക്കുന്നു. (അന്നു് ഗാന്ധിജിക്കു് എഴുപത്താറു വയസ്സായിരുന്നു.) അതിനാൽ താങ്കളെ എന്റെ ഉത്തരാധികാരിയായി ഞാൻ നിർദേശിച്ചിട്ടുണ്ടു്. പക്ഷേ, എന്റെ ഉത്തരാധികാരിയെ ഞാൻ മനസ്സിലാക്കണം; എന്റെ ഉത്തരാധികാരി എന്നെയും മനസ്സിലാക്കണം. എങ്കിലേ എനിക്കു തൃപ്തിവരൂ.

'ഇന്ത്യയ്ക്കും ഇന്ത്യയിലൂടെ ലോകത്തിനും ശരിയായ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ, ജനങ്ങൾ നഗരങ്ങളിലല്ലാതെ ഗ്രാമങ്ങളിലും കൊട്ടാരങ്ങളിലല്ലാതെ കുടിലുകളിലും ജീവിക്കേണ്ടിവരുമെന്ന വസ്തുത നേരത്തെയോ, വൈകിയോ അംഗീകരിക്കേണ്ടിയിരിക്കുന്നു. കോടിക്കണക്കിനു ജനങ്ങൾക്കു പരസ്പരം സമാധാനം പുലർത്തിക്കൊണ്ടു നഗരങ്ങളിലും കൊട്ടാരങ്ങളിലും ജീവിക്കുക സാദ്ധ്യമാവില്ല. അക്രമവും അസത്യവും അവലംബിക്കാതെ അവർക്കു നഗരങ്ങളിലും കൊട്ടാരങ്ങളിലും ജീവിക്കാൻ കഴിയുകയുമില്ല.

'സത്യവും അഹിംസയുമില്ലെങ്കിൽ മനുഷ്യവർഗത്തിനു നാശമല്ലാതെ മറെറാന്നുമുണ്ടാവുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഗ്രാമജീവിതത്തിലെ എളിമയിൽ മാത്രമേ നമുക്കു സത്യവും അഹിംസയും സാക്ഷാൽക്കരിക്കാൻ കഴിയൂ. ചർക്കയിലും ചർക്ക പ്രതിനിധാനംചെയ്യുന്നതു് എന്തിനെയെല്ലാമോ അവയിലും, ആണു് ഈ എളിമയെ മറെറന്തിലുമധികമായി കാണാൻ സാധിക്കുക. ലോകം ഇന്നു തെററായ വഴിക്കാണു പോകുന്നതെങ്കിൽ അതിൽ ഞാൻ ഭയപ്പെടരുതു്. ഇന്ത്യയും അതേവഴിയേ പോകുകയും അഗ്നിജ്വാലയ്ക്കു ചുററും വർദ്ധിച്ച വീര്യത്തോടെ നൃത്തംചെയ്യുന്ന പാററപോലെ അതിൽപ്പെട്ടു ദഹിച്ചുപോവുകയുംചെയ്തേക്കാം. എന്നാൽ, അത്തരമൊരു വിധിയിൽനിന്നു് ഇന്ത്യയേയും ഇന്ത്യയിലൂടെ ലോകത്തെയും രക്ഷിക്കാൻ അവസാനശ്വാസംവരെ ശ്രമിക്കേണ്ടതു് എന്റെ കർത്തവ്യമാകുന്നു.

'മനുഷ്യൻ തന്റെ യഥാർത്ഥമായ ആവശ്യങ്ങൾകൊണ്ടു് തൃപ്തിപ്പെടുകയും, സ്വയം പര്യാപ്തനായിത്തീരുകയും വേണമെന്നതാണു ഞാൻ പറഞ്ഞതിന്റെ സാരം. ഈ നിയന്ത്രണം കൈവന്നില്ലെങ്കിൽ അവനു സ്വയം രക്ഷിക്കാൻ കഴിയുകയില്ല. ജലബിന്ദുക്കൾ ചേർന്നതാണു് കടൽ; വ്യക്തികൾ കൂടിച്ചേർന്നതാണു് ലോകം. എല്ലാവർക്കും അറിയാവുന്ന സത്യമാണു് ഇതു്.

'ആധുനികശാസ്ത്രത്തെ ഞാൻ ആദരിക്കുന്നു. പക്ഷേ, ആധുനികശാസ്ത്രത്തിന്റെ ശരിയായ വെളിച്ചത്തിൽ പഴമയെ നോക്കിക്കണ്ടു്, അതിനെ വീണ്ടും ശരിയായി രൂപപ്പെടുത്തുകയും ഉടുപ്പണിയിക്കുകയുമാണു വേണ്ടതു് എന്നു ഞാൻ കാണുന്നു. ഇന്നുള്ള അതേ ഗ്രാമജീവിതം തുടരണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നതു്. എന്റെ സ്വപ്നങ്ങളിലെ ഗ്രാമം ഇപ്പോഴും എന്റെ മനസ്സിൽ മാത്രമേ ഉള്ളൂ. സ്വന്തം സ്വപ്നങ്ങളിലാണല്ലോ എല്ലാ മനുഷ്യ

തും ജീവിക്കുന്നതു്. എന്റെ ആദർശഗ്രാമത്തിലുണ്ടാവുക ബുദ്ധിശാലികളായ മനുഷ്യരാണ്. അവർ മൃഗങ്ങളെപ്പോലെ ഇരുട്ടിലും മാലിന്യത്തിലും ജീവിക്കുകയില്ല. അവിടെ പുരുഷന്മാരും സ്ത്രീകളും സ്വതന്ത്രരായിരിക്കും; ലോകത്തിൽ ആരോടും അവർ കിടനിൽക്കും. പ്ലേഗോ, കോളറയോ, വസൂരിയോ അവിടെ ഉണ്ടാവില്ല. അലസരോ, സുഖഭോഗങ്ങളിൽ മുഴുകിയവരോ ഉണ്ടാവുകയില്ല! തന്റെ പങ്ക് ദേഹാധ്വാനം അവിടെ ഓരോരുത്തനും ചെയ്യേണ്ടിവരും. തീവണ്ടി, തപാൽ, കമ്പിത്തപാൽ മുതലായവ അവിടെ ഉണ്ടാവുമെന്ന് വിഭാവനംചെയ്യാവുന്നതേയുള്ളു.'

ഇതിനു മറുപടിയായി ജവാഹർലാൽനെഹ്റു ഇങ്ങനെ എഴുതി:

'അസത്യത്തിനെതിരെ സത്യം, ഹിംസയ്ക്കെതിരെ അഹിംസ എന്നതല്ല നമ്മുടെ മുമ്പിലുള്ള പ്രശ്നം. ശരിയായ സഹകരണം, സമാധാനപരമായ മാർഗങ്ങൾ എന്നിവയിലായിരിക്കണം ഊന്നം; ഇവയെ പ്രോത്സാഹിപ്പിക്കുന്ന സമൂഹമായിരിക്കണം നാം ലക്ഷ്യമാക്കേണ്ടതു്. ഈ സമൂഹത്തെ നിലവിൽ വരുത്തേണ്ടതെങ്ങനെ എന്നതും, ഈ സമൂഹത്തിന്റെ ഉള്ളടക്കം എന്തായിരിക്കണമെന്നതുമാണ്, അതുമാത്രമാണ്, പ്രശ്നം. ഗ്രാമത്തിൽ സത്യവും അഹിംസയും തീർച്ചയായും ഉൾക്കൊണ്ടിരിക്കും എന്ന് എനിക്കു തോന്നുന്നില്ല. പൊതുവെ ബുദ്ധിപരമായും സാംസ്കാരികമായും പിൻനിലയിലാണ് ഗ്രാമം. പിൻതള്ളപ്പെട്ട ഒരു സാഹചര്യത്തിൽനിന്നു പുരോഗതി നേടുക സാദ്ധ്യമല്ല. ഇടുങ്ങിയ മനസ്സുള്ളവരിലാണ് അസത്യവും അക്രമവും കൂടുതൽ കാണപ്പെടുവാൻ സാദ്ധ്യത.

'പര്യാപ്തമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ശുചീകരണം മുതലായ ചില ലക്ഷ്യങ്ങൾ നാം നിർദ്ധാരണംചെയ്യണം. ഇതായിരിക്കണം രാഷ്ട്രത്തിന്റെ ആകെയും അതിലെ ഓരോ പൗരന്റെയും ഏററവും ചുരുങ്ങിയ ആവശ്യം. ഈ ലക്ഷ്യം മുന്നിൽവെച്ചുകൊണ്ട്, അതു വേഗത്തിൽ എങ്ങനെ നേടാൻ കഴിയുമെന്ന് നാം കണ്ടെത്തണം. ആധുനിക ഗതാഗതോപകരണങ്ങളും മററു പല ആധുനികവികാസങ്ങളും തുടർന്നും നിലനില്ക്കുകയും കൂടുതൽ വികസിപ്പിക്കപ്പെടുകയും വേണമെന്നതു് അനിവാര്യതയാണെന്ന് എനിക്കു തോന്നുന്നു. ഇതൊന്നും കൂടാതെ കഴിയില്ല. അപ്പോൾ ഒരളവോളം ഘനവ്യവസായങ്ങളും നിലനില്ക്കതന്നെ വേണം. ഒരു ശുദ്ധഗ്രാമസമൂഹത്തിൽ ഇതെല്ലാം എത്രമാത്രം ഒത്തിണങ്ങിപ്പോവും? ഘന—ലഘു—വ്യവസായങ്ങൾ സാദ്ധ്യമായത്ര വികേന്ദ്രീകരിക്കണമെന്നാണ് വ്യക്തിപരമായി എന്റെ അഭിപ്രായം. വിദ്യുച്ഛക്തിയിലൂടെ ഈ വികേന്ദ്രീകരണം സാദ്ധ്യമായിത്തീർന്നിട്ടുമുണ്ട്. രാജ്യത്തു് രണ്ടുതരം സമ്പദ്ഘടനകൾ നിലനിന്നാൽ, അവ തമ്മിൽ ഒന്നുകിൽ സംഘർഷം വളരും; അല്ലെങ്കിൽ ഒന്ന് മറെറാന്നിനെ അടിപ്പെടുത്തും.

'സ്വാതന്ത്ര്യം, വിദേശീയരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആക്രമണത്തിൽനിന്നുള്ള സംരക്ഷണം എന്നീ പ്രശ്നങ്ങളും ഈ സന്ദർഭത്തിൽ പരിഗണിക്കേണ്ടതുണ്ട്. സാങ്കേതികമായി പുരോഗതി നേടിയ ഒരു രാഷ്ട്രം എന്ന നില നേടാതെ ഇന്ത്യയ്ക്കു് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം പുലർത്തിക്കൊണ്ട് സ്ഥിതിചെയ്യാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. സൈന്യങ്ങളെപ്പററിയല്ല, ശാസ്ത്രീയവികസനത്തെപ്പററിയാണ് ഞാൻ ഇവിടെ ചിന്തിക്കുന്നതു്. ഓരോ വിഷയത്തിലും സുശക്തമായ ശാസ്ത്രീയ ഗവേഷണത്തിന്റെ പിൻബലമില്ലാതെ ഇന്നത്തെ ലോകത്തിൽ സാംസ്കാരികമായിപ്പോലും മുന്നേറാൻ നമുക്കു കഴിയുകയില്ല. ആധുനികലോകത്തിലെ വ്യക്തികളിലും സംഘങ്ങളിലും രാഷ്ട്രങ്ങളിലും ഭീമമായ സമ്പാദ്യവാസന നിലനിൽക്കുന്നുണ്ട്. ഇതു സംഘർഷങ്ങളിലേക്കും

യുദ്ധങ്ങളിലേക്കും നയിക്കുന്നു. നമ്മുടെ സമൂഹമാകെ, ഏറിയോ, കുറഞ്ഞോ ഈ സമ്പാദ്യവ്യഗ്രതമേലാണ് നിലനിൽക്കുന്നതു്. ഈ അടിസ്ഥാനം പോകണം; അതിന്റെ സ്ഥാനത്തു് സഹകരണമെന്ന അടിസ്ഥാനം പ്രതിഷ്ഠിക്കപ്പെടണം. ഒററപ്പെടൽ ഇവിടെ അസാദ്ധ്യമാണ്. ഈ വസ്തുത അംഗീകരിക്കപ്പെട്ടാൽ, ലോകത്തിന്റെ മററു ഭാഗങ്ങളിൽനിന്നു് ഒററപ്പെട്ട ഒരു സമ്പദ്വ്യവസ്ഥയിലല്ലാതെ, മററു ഭാഗങ്ങളുമായി സഹകരിക്കുന്ന ഒരു സമ്പദ്വ്യവസ്ഥയിൽ, ആ ലക്ഷ്യം നേടാനുള്ള ശ്രമം നാം നടത്തണം. സാമ്പത്തികമായും രാഷ്ട്രീയമായും നോക്കുമ്പോൾ, ഒററപ്പെട്ട ഇന്ത്യ ഒരുതരം ശൂന്യമേഖല(വാകചം) ആയിരിക്കും; അതു് അന്യരുടെ ആക്രമണവാസനകളെ ശക്തിപ്പെടുത്തി, സംഘർഷങ്ങൾ സൃഷ്ടിക്കും.

'കോടിക്കണക്കിനു ജനങ്ങൾക്കു കൊട്ടാരങ്ങൾ ഉണ്ടാവുന്ന പ്രശ്നമില്ല. പക്ഷേ, ജനകോടികൾക്കു സംസ്കാരസമ്പന്നമായ ജീവിതം നയിക്കാൻ ഉതകുന്ന സുഖകരങ്ങളായ ആധുനികഭവനങ്ങൾ എന്തുകൊണ്ടു് ഉണ്ടായിക്കൂടാ? കണക്കററു വളർന്ന പല ആധുനിക നഗരങ്ങളിലും പരിതാപകരങ്ങളായ തിന്മകളുണ്ടു്. അമിതവളർച്ചയെ ഒരുപക്ഷേ, നാം നിരുത്സാഹപ്പെടുത്തണം. അതേ സമയം, നഗരസംസ്കാരത്തോടു് അടുത്തുവരാൻ ഗ്രാമങ്ങളെ നാം പ്രോത്സാഹിപ്പിക്കുകയുംവേണം.

'വ്യത്യസ്ത ജീവിതദർശനങ്ങൾ ഉൾക്കൊള്ളുന്ന ഈ അടിസ്ഥാനപ്രശ്നങ്ങൾ കോൺഗ്രസ് പരിഗണിക്കുന്നതു് എത്രമാത്രം അഭിലഷണീയം ആയിരിക്കുമെന്നു് തീരുമാനിക്കേണ്ടതു് താങ്കളാണു്. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച വാദപ്രതിവാദത്തിൽ കോൺഗ്രസ് ചെന്നു കുടുങ്ങരുതെന്നാണു് എന്റെ വിചാരം. പ്രവർത്തനത്തിനുള്ള കഴിവു നഷ്ടപ്പെടുത്തുന്ന ആശയക്കുഴപ്പം ജനങ്ങളിൽ വളർത്താനേ ഇത്തരം വാദപ്രതിവാദം ഉപകരിക്കുകയുള്ളു. കോൺഗ്രസ്സുകാരും നാട്ടിലെ മററുള്ളവരും തമ്മിൽ അകൽച്ച ഇതുമൂലം സൃഷ്ടിക്കപ്പെട്ടേക്കാം. തീർച്ചയായും സ്വതന്ത്ര—ഇന്ത്യയുടെ പ്രതിനിധികൾക്കു് ഈ പ്രശ്നങ്ങൾ പാര്യന്തികമായി തീരുമാനിക്കേണ്ടിവരും. ഇക്കഴിഞ്ഞ തലമുറയുടെ കാലത്തു ലോകത്തിലാകെ ഉണ്ടായ വിപുലങ്ങളായ പരിവർത്തനങ്ങൾ കണക്കിലെടുക്കാതെ, പഴമയുടെ പശ്ചാത്തലത്തിലാണു് ഈ പ്രശ്നങ്ങളെപ്പററിയുള്ള വിചിന്തനങ്ങളും ചർച്ചകളും നടക്കുന്നതെന്നാണു് എനിക്കു തോന്നുന്നതു്. ലോകം ആകെ മാറിക്കഴിഞ്ഞിരിക്കുന്നു. മാററം, ഒരുപക്ഷേ, തെററായ വഴിയിലൂടെയാവാം. എന്നാലും, ഇന്നത്തെ വസ്തുതകളും, ശക്തികളും, മനുഷ്യവിഭവങ്ങളും മുമ്പിൽവച്ചുവേണം ഈ പ്രശ്നങ്ങൾ നാം ചർച്ചചെയ്യാൻ. അല്ലെങ്കിൽ ഈ ചർച്ചകൾക്കു യാഥാർത്ഥ്യവുമായി ഒരു ബന്ധവുമുണ്ടാവില്ല.

'ലോകം, അല്ലെങ്കിൽ അതിന്റെ വലിയ ഒരു ഭാഗം ആത്മഹത്യയ്ക്കു തുനിഞ്ഞതായി കാണപ്പെടുന്നു എന്നു് താങ്കൾ പറഞ്ഞതു ശരിയാണു്. നാഗരികതയ്ക്കുള്ളിൽ വളർന്നുവന്ന ഒരു ദുർബീജത്തിന്റെ അനിവാര്യവികാസമാവാം അതു്. അതങ്ങനെതന്നെയെന്നു ഞാൻ കരുതുന്നു. ഈ തിന്മയെ എങ്ങനെ ഒഴിവാക്കാമെന്നതും, പണ്ടേന്നപോലെ ഇന്നും നന്മയെ എങ്ങനെ നിലനിർത്താമെന്നതും ആണു നമ്മുടെ പ്രശ്നം. ഇന്നിലും നന്മയുണ്ടു് എന്നതു പ്രകടമാകുന്നു.'

ഒരു മാസം കഴിഞ്ഞു്, 1945 നവംബറിൽ, ഗാന്ധിജി വീണ്ടും ജവാഹർലാലിനെഴുതി:

'നമ്മുടെ ഇന്നലത്തെ സംഭാഷണത്തിൽനിന്നു് എനിക്കുണ്ടായ ധാരണ, നാം രണ്ടുപേരുടെയും വീക്ഷണങ്ങൾ വളരെയൊന്നും വ്യത്യസ്തങ്ങളല്ല എന്നാണു്. ഇതു പരീക്ഷിക്കുന്നതിനായി ഞാൻ മനസ്സിലാക്കി

യതിൻെറ ഒരു സംക്ഷേപം താഴെ ചേർക്കുന്നു. ഇതിൽ തെററുകളുണ്ടെങ്കിൽ അവ തിരുത്തുക.

1. താങ്കളുടെ അഭിപ്രായത്തിൽ, മനുഷ്യൻെറ ഏററവും ഉയർന്ന ബുദ്ധിപരവും സാമ്പത്തികവും രാഷ്ട്രീയവും നൈതികവുമായ വികസനമാണ് ശരിയായ പ്രശ്നം. ഇതിനോടു ഞാൻ പൂർണമായി യോജിക്കുന്നു.

2. ഈ വികസനത്തിൽ എല്ലാ ജനങ്ങരംക്കം തുല്യമായ അവകാശവും അവസരവും ഉണ്ടായിരിക്കണം.

3. മററു വാക്കുകളിൽ പറഞ്ഞാൽ നഗരവാസികരംക്കം ഗ്രാമീണർക്കം ഇടയിൽ ഭക്ഷണം, പാനീയം, വസ്ത്രം, മററു ജീവിതസൗകര്യങ്ങരം എന്നിവയിൽ തുല്യത ഉണ്ടായിരിക്കണം. ഇന്നു് ഈ തുല്യത നേടിയെടുക്കണമെങ്കിൽ, വസ്ത്രം, ഭക്ഷ്യവസ്തുക്കരം, പാർപ്പിടങ്ങരം, വെളിച്ചം, വെള്ളം എന്നീ സ്വന്തം ജീവിതാവശ്യങ്ങരം സ്വയം ഉല്പാദിപ്പിക്കാൻ ജനങ്ങരംക്ക കഴിവുണ്ടാവണം.

4. ഒററയ്ക്ക ജീവിക്കാൻ പിറന്നവനല്ല മനുഷ്യൻ. സ്വതന്ത്രനെങ്കിലും അന്യോന്യാശ്രിതനായ ഒരു സാമൂഹ്യജീവിയാണു് അവൻ. ഒരാളും അന്യൻെറ മുതുകിൽ കയറി സവാരിചെയ്യരുതു്. ഇത്തരമൊരു ജീവിതത്തിനു് ആവശ്യമായ സാഹചര്യങ്ങരം സൃഷ്ടിക്കാനാണു് നമ്മുടെ ശ്രമമെങ്കിൽ, സമൂഹത്തിൻെറ ഏകകം (യൂണിററു്) ഒരു ഗ്രാമമോ, ജനങ്ങളുടെ ഒരു ചെറുഗ്രൂപ്പോ ആയിരിക്കണമെന്ന നിർണയത്തിൽ നാം എത്താതെ തരമില്ല. ഈ ചെറുഗ്രൂപ്പ് ജീവിതാവശ്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തമായിരിക്കമെന്നതാണു് ആദർശം. ഇത്തരം സ്വയംപര്യാപ്ത ഗ്രൂപ്പുകരം തമ്മിൽ സഹകരണത്തിൻെറയും അന്യോന്യാശ്രയത്തിൻെറയും ബന്ധങ്ങരം ഉണ്ടായിരിക്കണം.

താങ്കളുടെ അഭിപ്രായം ഇത്രത്തോളം ഞാൻ മനസ്സിലാക്കിയതു് ശരിയായിട്ടാണെങ്കിൽ, പ്രശ്നത്തിൻെറ രണ്ടാം ഭാഗം അടുത്ത കത്തിൽ ഞാൻ പരിഗണിക്കാം.' (മാഹാത്മാ,വാല്യം 7.പേജ് 14–17).

തുടർന്നുണ്ടായ ദ്രുതതരങ്ങളായ രാഷ്ട്രീയപരിവർത്തനങ്ങളും സമുദായലഹളകളും മററും കാരണം ഈ ചർച്ച ഇവിടെവെച്ച മുറിഞ്ഞുപോവുകയാണുണ്ടായതു്. രണ്ടു വർഷങ്ങരംക്കശേഷം മഹാത്മാഗാന്ധി വധിക്കപ്പെടുകയുംചെയ്തു.

ഗാന്ധിജിയും നെഹ്റുവും തമ്മിൽ അപൂർണമായി നടന്ന ഈ ചർച്ചയ്ക്ക് ഇന്നു വളരെയധികം പ്രസക്തിയുണ്ടു്. എത്ര പുരോഗമിച്ച സങ്കേതവിദ്യയും മനുഷ്യവർഗത്തിനു് അനന്തമായ സാമ്പത്തികവൃദ്ധി വാഗ്ദാനംചെയ്യുന്നില്ലെന്നു് ഇന്നു വ്യക്തമായികഴിഞ്ഞിരിക്കുന്നു. നെഹ്റുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്നത്തെ സാഹചര്യങ്ങളെ പശ്ചാത്തലമാക്കി ചിന്തിക്കുമ്പോരം, നാം ഇന്നു പിന്തുടർന്നുവരുന്ന നെഹ്റുവിൻെറ സാമ്പത്തിക–രാഷ്ട്രീയ–സിദ്ധാന്തങ്ങരം പഴമയിൽ വേരോടിയവയും, മഹാത്മാഗാന്ധിയുടെ വീക്ഷണം അടിസ്ഥാനപരമായി വിപ്ലവാത്മകവും ആയി കാണപ്പെട്ടുകൂടായ്കയില്ല. അതേതായാലും, ഒരളവോളം ഇന്ത്യയുടെ സാമ്പത്തികവൃദ്ധിക്ക കാരണമായിട്ടുണ്ടെങ്കിലും, നെഹ്റു കരുപ്പിടിപ്പിച്ച സാമ്പത്തികാസൂത്രണവും ജനപ്രിയ–ജനാധിപത്യവും ഇന്ത്യയിലെ ജനകോടികളുടെ ദാരിദ്ര്യം തുടച്ചു മാററുന്നതിനോ, ജീവിതത്തിൻെറ അടിസ്ഥാനാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമീണർക്കം നഗരവാസികരംക്കമിടയിൽ തുല്യത സ്ഥാപിക്കുന്നതിനോ ഉപകരിച്ചിട്ടില്ലെന്നതും, ഇന്ത്യയും അയൽനാടുകളും തമ്മിലും ഇന്ത്യയുടെ അകത്തു് വ്യത്യസ്ത ജനവിഭാഗങ്ങരം തമ്മിൽത്തമ്മിലും സംഘർഷവും ശത്രുതയും വർദ്ധിച്ചുവരുന്നതിനാണു് ഈ വ്യവ

സ്ഥിതി കാരണമായിട്ടുള്ളത് എന്നും പകൽവെളിച്ചംപോലെ പ്രകടമാണ്.

ഇത്തരം അടിസ്ഥാനകാര്യങ്ങളെപ്പററി ആഴത്തിൽ ചിന്തിക്കാൻ കളമൊരുക്കുമെങ്കിൽ, നെഹ്റു ശതാബ്ദി ആഘോഷം നിഷ്പ്രയോജനമാവുകയില്ല.

(18 ആഗസ്റ്റ്, 1987)

## 17. സ്വാതന്ത്ര്യത്തിൻെറ നാൽപതാം വാർഷികം

'ഇന്ത്യയുടെ കഠിനമായ രോഗമാണ്; മനസ്സിലും ശരീരത്തിലും. ചില ആളുകൾ സമ്പന്നരായപ്പോൾ, മററുള്ളവരിൽ ചുമത്തപ്പെട്ട ഭാരം അവരെ ചതച്ചുകളയുമെന്ന നിലയിലെത്തി. ഈ സ്ഥിതിയുടെ ഭയങ്കരമായ ഒരു ഓർമക്കുറിപ്പ് എന്നവണ്ണം ക്ഷാമവും വന്നു.' 1944–ാമാണ്ടിൻെറ അവസാനത്തിൽ ജയിലിൽ ഇരുന്നുകൊണ്ട് ജവാഹർലാൽ നെഹ്റു എഴുതിയ ഈ വരികൾ, (ഡിസ്കവറി ഓഫ് ഇന്ത്യ, പേജ് 495) സ്വാതന്ത്ര്യത്തിൻെറ നാല്പതാം വാർഷികവും ജവാഹർലാൽ നെഹ്റുവിൻെറ ജന്മശതാബ്ദിയും രാഷ്ട്രം ആഘോഷിക്കുന്ന ഈ അവസരത്തിൽ, ഭീഷണമായ ഒരു യാഥാർത്ഥ്യമായിത്തീരുകയാണോ?

സർക്കാർധാന്യപ്പുരകളിൽ വേണ്ടത്ര ധാന്യശേഖരമുണ്ട് എന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ഉള്ള ധാന്യം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിന്, ന്യായവില ഷോപ്പുകളുടേതായ ഒരു ശൃംഖല നാട്ടിൽ നിലവിലുണ്ട്. മുമ്പ് ഉദ്ധരിച്ച വരികൾ ജവാഹർലാൽ നെഹ്റു എഴുതുമ്പോൾ, ഈ വിതരണശൃംഖല ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. റേഷണിങ് സമ്പ്രദായം അന്ന് ചിലേടങ്ങളിൽ, ചിലേടങ്ങളിൽ മാത്രം നടപ്പിൽ വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് ശരാശരി ഇന്ത്യക്കാരൻെറ അസ്തിത്വത്തിൻ്റെ ('ഞാൻ ഉണ്ട്' എന്ന ബോധത്തിന്) ഏററവും വലിയ സാക്ഷ്യപത്രം റേഷൻകാർഡാണെന്ന നില വന്നുചേർന്നിട്ടുണ്ട്. അതിനാൽ സർക്കാർധാന്യപ്പുരകളിലെ ധാന്യം കുറെയെങ്കിലും ആവശ്യക്കാർക്കു കിട്ടുമെന്നതിൽ ആർക്കും സംശയമില്ല. ഈ ധാന്യം പോരാതെ വന്നാൽ, മറുനാടുകളിൽനിന്ന് ആവശ്യമുള്ളത്ര ഭക്ഷ്യധാന്യം ഇറക്കുമതിയായി നേടാനും നമ്മുടെ സർക്കാരിനു കഴിവുണ്ട്; മനസ്സും ഉണ്ടാവും.

പക്ഷേ, വെള്ളത്തിൻെറ കാര്യമോ? അഞ്ച്, ആറ് വർഷങ്ങളായി കാലവർഷം നമ്മെ ചതിച്ചുകൊണ്ടിരിക്കുകയാണ്. ഈയാണ്ടിലും സ്ഥിതി വ്യത്യസ്തമല്ലെന്നതാണ് ഇതുവരെയുള്ള അനുഭവം. നമ്മുടെ രാജ്യത്തിൻെറ വടക്കുകിഴക്കു ഭാഗങ്ങളിൽനിന്ന് വെള്ളപ്പൊക്കത്തിൻെറ വാർത്തകളാണ് ഇപ്പോൾ കിട്ടുന്നത്. അതേസമയം, കർക്കിടകം അവസാനിക്കുമ്പോഴേക്ക്, കേരളത്തിൽ കിട്ടേണ്ട കാലവർഷത്തിൻെറ പകുതിയോളമേ കിട്ടുകയുണ്ടായുള്ളൂ. കാടുകളിലും മലകളിലും മഴ കുറഞ്ഞതിനാൽ അണക്കെട്ടുകളിൽ ജലപ്പരപ്പ് വളരെ താഴ്ന്നുപോയിരിക്കുന്നു. നാട്ടുമ്പുറങ്ങളിൽ ടാങ്കറുകളിലും ലോറികളിലും കുടിവെള്ളം എത്തിച്ചുവരുന്നതായി റിപ്പോർട്ടുകളുണ്ട്. വിദ്യുച്ഛക്തി വിതരണം തകരാറിലായിരിക്കുന്നു. 'ലോഡ് ഷെഡ്ഡിങ്' എന്നതു് മലയാളത്തിലെ ഒരു നിത്യോപയോഗശൈലി ആയിത്തീരുകയാണ്. വിദ്യുച്ഛക്തി ദുർലഭമാകുന്നതോടൊപ്പം,